

THURSDAY 20.06.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/06/2024

1. കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ (KSAMM) തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം ജില്ലകളിൽ യന്ത്രം ഉപയോഗിച്ച് നെല്ല് നടീൽ നടത്തുന്ന സേവനദായകരുടെ (സർവീസ് ഗ്രൂപ്പിൻറെ) മേഖലയുമായി ബന്ധപ്പെടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും. നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും, അവരുടെ ഒരു യോഗം കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ സംഘടിപ്പിക്കുന്നു. ആയതിനാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്നവരും യോഗത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവരും 8281200673 എന്ന മൊബൈൽ നമ്പറിൽ പേര്, അഡ്രസ്സ് വാട്സ്ആപ്പ് സന്ദേശമായി ഈ മാസം 25-ന് (25/06/2024) 5 മണിക്ക് മുൻപായി അയക്കേണ്ടതാണ്. യോഗവിവരം പിന്നീട് അറിയിക്കുന്നതാണെന്ന് സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ സ്പെഷ്യൽ ഓഫീസർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

2. വിളനാശമുണ്ടായാൽ കർഷകനു സഹായമാകുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതികളിൽ രജിസ്റ്റർ ചെയ്യാനുള്ള അവസാനതിയ്യതി ജൂൺ 30 ആണ്. കാലാവസ്ഥധിഷ്ഠിത പദ്ധതിയിൽ നെല്ല്, വാഴ, കവുങ്ങ്, കുരുമുളക്, മഞ്ഞൾ, ജാതി, കൊക്കോ, വെറ്റില, ഏലം, ഗ്രാമ്പൂ, തെങ്ങ്, ഇഞ്ചി,മാവ്, പൈനാപ്പിൾ, കശുമാവ്, റബ്ബർ, എള്ള്, മരച്ചീനി, തേയില, കിഴങ്ങുവർഗ്ഗങ്ങൾ (ചേമ്പ്, ചേന, കാച്ചിൽ, നന കിഴങ്, മധുരക്കിഴങ്ങ്) പയർവർഗ്ഗങ്ങൾ (ഉഴുന്ന്, പയർ, ചെറുപയർ, ഗ്രീൻ പീസ്, സോയാബീൻ) പച്ചക്കറിവിളകൾ (പടവലം, പാവൽ, വള്ളി പയർ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകൾക്കും പരിരക്ഷ ലഭിക്കും. കാലാവസ്ഥധിഷ്ഠിത വിള ഇൻഷുറൻസിൽ വെള്ളപൊക്കം, മണ്ണിടിച്ചിൽ, ശക്തമായ കാറ്റ് (വാഴ, ജാതി, കവുങ്ങ്, കുരുമുളക്, കൊക്കോ, തെങ്ങ്, റബ്ബർ കശുമാവ്), കൊണ്ടുണ്ടാകുന്ന വിള നഷ്ടങ്ങൾക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വ്യക്തിഗത ഇൻഷുറൻസ് പരിരക്ഷ ലഭ്യമാണ്. സി.എസ്.സി ഡിജിറ്റൽ സേവകേന്ദ്രം, വഴി റജിസ്റ്റർ ചെയ്യാം. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരാണെങ്കിൽ അവരെ അതതു ബാങ്കുകൾക്കും പദ്ധതിയിൽ ചേർക്കാം. അപേക്ഷ പൂരിപ്പിച്ച ശേഷം നിശ്ചിത പ്രീമിയം തുക, ആധാറിന്റെ പകർപ്പ്, നികുതി രസീതിന്റെ പകർപ്പ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ്, പാട്ടത്തിനു കൃഷി ചെയ്യുന്നവരാണെങ്കിൽ പാട്ടക്കരാറിന്റെ പകർപ്പ് എന്നിവ കൂടി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8111816443, 9895443925 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

3. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ നെടിയ ഇനം തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലും, സങ്കര ഇനങ്ങൾ 250 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. ആവശ്യമുള്ള കർഷകർക്കും, കൃഷി ഓഫീസർമാർക്കും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാം. കൂടുതൽ വിവരങ്ങൾക്ക് 0485 2554240, 8547992819 എന്ന നമ്പറിൽ ബന്ധപ്പെടുക.

4. കാർഷിക സർവ്വകലാശാല കാർഷിക കോളേജ്, വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ അരുൺ, രേണുശ്രീ ഇനത്തിൽപ്പെട്ട ചീര, ലോല, ഗീതിക, കാശികാഞ്ചൻ, വൈജയന്തി, അനശ്വര ഇനത്തിൽപ്പെട്ട പയർ, പ്രീതി പാവൽ, ഉജ്ജ്വല മുളക് , ഹരിത, സൂര്യ ഇനത്തിൽപ്പെട്ട വഴുതന, അർക്ക അനാമിക, അരുണ ഇനത്തിൽപ്പെട്ട വെണ്ട എന്നിവയുടെ വിത്തുകൾ വിൽപ്പനക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക ഫോൺ: 0487 2370051

5. കന്നുകാലികളുടെ പ്രത്യുത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു രോഗമാണ് ബ്രൂസെല്ലോസിസ്. ഇത് മനുഷ്യരെ ബാധിക്കുന്ന ഒരു ജന്തുജന്യ രോഗമായതിനാൽ ആയതിന്റെ നിയന്ത്രണം വളരെ പ്രാധാന്യം അർഹിക്കുന്നു. ഇത് മനുഷ്യരെ ബാധിക്കുന്ന

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഒരു ജന്തുജന്യ രോഗമായതിനാൽ ആയതിന്റെ നിയന്ത്രണം വളരെ പ്രാധാന്യം അർഹിക്കുന്നു. കന്നുകാലികളിൽ ഒരിക്കൽ ഈ രോഗബാധയുണ്ടായാൽ എന്നന്നേയ്ക്കുമായി നിലനിൽക്കുന്നു എന്നതാണ് ഈ രോഗത്തിന്റെ പ്രത്യേകത. വാക്സിനേഷൻ വഴി മാത്രമേ ഈ രോഗം നിയന്ത്രിക്കാനാവുകയുള്ളൂ. ആയതിനാൽ ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായ ബ്രൂസെല്ലോസിസ് വാക്സിനേഷൻ പരിപാടിയിൽ 4 മുതൽ 8 മാസം പ്രായമുള്ള പശുക്കുട്ടികളെയും, എരുമകുട്ടികളെയും വാക്സിനേഷന് വിധേയമാക്കുന്നു. ഈകുത്തിവയ്പ്പിനെ തുടർന്ന് ഉരുക്കൾക്ക് ജീവിതകാലം മുഴുവൻ ബ്രൂസെല്ലാ രോഗത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്നു. സംസ്ഥാനത്തുടനീളം ബ്രൂസെല്ലയുടെ രണ്ടാംഘട്ട വാക്സിനേഷൻ ക്യാമ്പെയ്ൻ 20/06/2024 മുതൽ 25/06/2024 വരെ 5 പ്രവൃത്തി ദിവസങ്ങളിലായി നടത്തപ്പെടും. മൃഗാശുപത്രികൾ, സബ് സെൻററുകൾ, ക്ഷീര സംഘങ്ങൾ മുതലായവയുടെ പരിസരത്ത് ക്യാമ്പുകൾ സംഘടിപ്പിച്ചോ, ഭവന സന്ദർശനം വഴിയോ ആണ് ക്യാമ്പെയ്ൻ നടപ്പിലാക്കുക.

6. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ തെങ്ങ്, മാവ്, പ്ലാവ്, കശുമാവ് എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും 01/07/2024 മുതൽ 30/06/2025 വരെയുള്ള ഒരു വർഷ കാലയളവിൽ ആദായം എടുക്കുവാനുള്ള അവകാശം 21/06/2024-ന് പകൽ 12 മണിക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. 1000 രൂപ നിരതദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ പേട്ടയിൽ പ്രവർത്തിക്കുന്ന 'കെപ്കോ റസ്റ്റോറൻറിൽ' "അക്കൗണ്ടന്റ്-കം-ക്യാഷ്യർ ട്രെയിനി' തസ്തികയിലേയ്ക്ക് കരാർ നിയമനത്തിനായി ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിജ്ഞാനം, മറ്റ് പ്രധാന വിശദാംശങ്ങൾക്കുമായി www.kepco.co.in & www.kepconews.blogspot.com വെബ് പോർട്ടൽ സന്ദർശിക്കുക.

8. കൃഷി വകുപ്പിന്റെ കീഴിലുള്ള ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ കടപുഴകി വീണ ആഞ്ഞിലി മരത്തിന്റെ പരസ്യലേലം ഇന്ന് രാവിലെ (20.06.2024) 11 മണിക്ക് ഫാം ഓഫീസിൽ വച്ച് നടത്തുന്നു. 10.68m x 1.17m ചുറ്റളവുള്ള മരത്തിന്റെ അടിസ്ഥാന വില 16,790/ രൂപയായി സോഷ്യൽ ഫോറെസ്റ്ററി വകുപ്പ് നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ വക ജംഗമ വസ്തുക്കൾ ലേലം സംബന്ധിച്ച വ്യവസ്ഥകൾ പ്രകാരം നടക്കുന്ന ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അന്നേ ദിവസം രാവിലെ 10:30 ന് മുൻപ് 500 രൂപ നിരത ദ്രവ്യം അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതും 11 മണിക്കുള്ള ലേലത്തിൽ പങ്കെടുക്കേണ്ടതുമാണെന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9383470298 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം